# മറന്നേക്കുക
# നമുക്ക് ഉപകാരപ്പെടാത്തത്

നമ്മുടെ പ്രകൃതിക്കും മനസ്സിനും ഇണങ്ങാത്തത് മനസ്സിലേറ്റിവെക്കാതിരിക്കുക. മാന്യവും ഉപകാരമില്ലാത്തതുമായ കാര്യങ്ങളെ ജീവിതത്തിൽ അനുവർത്തിക്കാതിരിക്കുക.

പുതുമകളെ കൊതിക്കുന്നതും ഇഷ്ടപ്പെടുന്നതുമാണ് മനുഷ്യപ്രകൃതി. അവസ്ഥകൾക്കനുസരിച്ച ജീവിതശൈലിയെ സംബന്ധിച്ച ചിന്തയും അന്വേഷണവും അവന്റെ പ്രകൃതിയുമായി ചേർന്നുനിൽക്കുന്നു. പഴയതിനെ തിരസ്കരിക്കാനും പുതിയതിനെ ഉൾക്കൊള്ളാനും പലർക്കും അധികം നേരം ആലോചിക്കേണ്ടതില്ല.

അന്വേഷണം, കണ്ടെത്തൽ.... മനുഷ്യന് മാത്രം ലഭ്യമായ ഈ പ്രകൃതി, പക്ഷേ അവന്റെ ബാഹ്യജീവിതത്തെ മാത്രമാണ് പെട്ടെന്ന് സ്വാധീനിക്കുക. ആത്മീയരംഗത്ത് പതുക്കെയാണത് കടന്നുവരിക. ആത്മിയവശം കാലത്തിനനുസരിച്ച് മാറ്റപ്പെടാവതല്ലെന്ന കാഴ്ചപ്പാടു തന്നെയാണതിന് മുഖ്യകാരണം. അതിനാൽ തന്നെ ആത്മീയരംഗത്തെ പാരമ്പര്യശീലങ്ങളെ പഴഞ്ചനും വിരോധാഭാസമായും ആരും കണക്കാക്കാറില്ല.

ഏത് ധാർമികശീലങ്ങളെക്കാളും വേഗം നമ്മെ സ്വാധീനിക്കുന്നതാണ് പരിഷ്കാരത്തിന്റെ പേരിൽ ആവിഷ്കരിക്കപ്പെടുന്ന കാര്യങ്ങൾ. അവയിൽ പലതും ഒരു ഭ്രമത്തിനപ്പുറം നിലനിൽപ്പില്ലാത്തവയായിരിക്കും. അവയിൽ ചിലത് നിർദോഷങ്ങളാകും, ചിലത് സംസ്കാരവുമായി ഏറ്റുമുട്ടുന്നതാകും. ജീവിതത്തിൽ ഏതെങ്കിലും തരത്തിൽ സദ്ഫലം ഉണ്ടാക്കാത്ത അത്തരം സംസ്കൃതികളുടെ സ്വാധീനങ്ങളെ നാം മറക്കുകതന്നെ വേണം. അവ ശാശ്വതങ്ങളല്ല എന്നതല്ല അതിന് കാരണം, അവയുണ്ടാക്കുന്ന ശീലങ്ങൾ നമ്മുടെ ധാർമിക ബോധവുമായി ഏറ്റുമുട്ടും എന്നതാണ്.

മനസ്സുകളെ ആകർഷിക്കുകയും വിസ്മയിപ്പിക്കുകയും ചെയ്യുന്ന സംഗതികൾക്കു മുമ്പിൽ വീണ്ടുവിചാരം പലർക്കും അന്യമായിരിക്കും. ഇതാണ് പലരെയും താൻ ശീലിച്ച ധാർമികതയിൽനിന്ന് വേഗം വ്യതിചലിപ്പിക്കുന്നത്. അപ്പോഴാണ് ദുശ്ശീലങ്ങൾ പലരെയും പിടികൂടുന്നത്. നാം നമ്മുടെ ആവശ്യത്തിനു വേണ്ടി അംഗീകരിച്ച ആത്മീയതക്ക് നമ്മിൽ തന്നെ സ്വാധീനം ഇല്ലാതായിരിക്കുന്നു എന്നാണ് അതിനർഥം.

കാണുകയും കേൾക്കുകയും ചെയ്യുന്ന സംഗതികളിൽ നല്ലത് സ്വീകരിക്കുകയും മോശമായതിനെ തള്ളുകയും ചെയ്യുന്നതാണ് വിവേകം. മാറുന്ന ശീലങ്ങൾക്കും അഭിരുചികൾക്കുമനുസരിച്ച് മനസ്സിനെ മാറ്റുന്നതിൽ നന്മയില്ലെന്ന് തിരിച്ചറിയുക. നല്ലതിനെ കാണുകയും കേൾക്കുകയും ചെയ്യുക. അതിൽനിന്ന് ജീവിതത്തിനുപകരിക്കുന്നവ ഉൾക്കൊള്ളുകയും ജീവിതം നന്നാക്കുകയും ചെയ്യുക. അതത്രെ ബുദ്ധിയും മനുഷ്യപ്രകൃതിയുടെ ആവശ്യവും.

ചുറ്റുപാടും കാണുന്ന ഭ്രമിപ്പിക്കുന്ന കാര്യങ്ങളിൽ ഗുണപാഠങ്ങളൊന്നും തന്നെ ദൈവം നിശ്ചയിച്ചിട്ടില്ല. അവക്ക് ഒരു പരിധിക്കപ്പുറം ജീവിതവുമില്ല. അതെയവസരം ചുറ്റുപാടും കാണുന്ന പ്രകൃതിവസ്തുക്കളിലും സ്വന്തം ശരീരത്തിൽ പോലും എണ്ണമറ്റ പാഠങ്ങൾ ദൈവം മനുഷ്യനുവേണ്ടി സംവിധാനിച്ചിട്ടുണ്ട്. അവൻ തന്റെ ദൈവത്തെ അറിഞ്ഞംഗീകരിക്കുവാനാണത്. അവയെ സംബന്ധിച്ച ചിന്തയും മനനവുമാണ് വിവേകിയായ ഒരാൾക്ക് ജീവിതയാഥാർഥ്യങ്ങൾ കണ്ടെത്താനുള്ള വഴി. അതിലൂടെ നല്ലത് ശീലിക്കുകയും പിൻതലമുറക്ക് നല്ലതിനെ അവശേഷിപ്പിച്ച് കടന്നുപോവുകയും ചെയ്യുകയെന്നതാണ് മനുഷ്യജന്മത്തിന്റെ സുകൃതം.

മിന്നുന്നതെല്ലാം പൊന്നല്ലെന്ന തിരിച്ചറിവു പോലെയാണ് മനസ്സിനെ വിസ്മയിപ്പിക്കുന്ന എല്ലാ ചിന്തകളിലും ആശയങ്ങളിലും ജീവിതത്തിനുപകരിക്കുന്ന പാഠങ്ങളും സിദ്ധാന്തങ്ങളുമില്ലെന്ന ബോധവും.

നാം ഏത് ധർമത്തിലും ആശയത്തിലും വിശ്വസിച്ചാലും അവലംബിച്ചാലും ശരി, ഈ ലോകം ശാശ്വതമല്ലെന്ന് തിരിച്ചറിയുക. ഇവിടത്തെ വിഭവങ്ങളും പരിധിയോളം മാത്രമേ നമുക്ക് അനുഭവിക്കാനാകുകയുള്ളൂ. അതിൽ പലതും നമ്മെ വിഭ്രമിപ്പിക്കുന്നതും യഥാർഥ ജീവിതലക്ഷ്യത്തിൽനിന്ന് തെറ്റിക്കുന്നതുമാകുന്നു. ചിന്തയും മനസ്സും നല്ലതിനു നേരെ തുറന്നുവെക്കുക. ദൈവം നമുക്കായി പ്രകൃതിയിൽ സംവിധാനിച്ചുവെച്ച നന്മയെ പിൻപറ്റുക. അതിലാണ് നമുക്ക് വിജയമുള്ളത്.

ഇത്രയൊക്കെ സംവിധാനഗൾ ചെയ്തു തന്ന നമ്മുടെ ദൈവത്തെ നാം കണ്ടെത്തി അവനു വേണ്ടി നമ്മെ സമർപ്പിച്ചില്ലെങ്കിൽ പിന്നെ ആരാണ് ഈ ലോകത്ത് അത് ചെയ്യുക?